# നന്ദിഗ്രാമിന്റെ കണ്ണീർ

**ജനങ്ങൾക്കൊപ്പം**

*രമേശ് ചെന്നിത്തല*
കെ.പി.സി.സി. പ്രസിഡന്റ്

ലോകത്തിന്റെയാകെത്തന്നെ ശ്രദ്ധയാകർഷിച്ച നന്ദിഗ്രാമിലേക്ക്, മനുഷ്യത്വം മരവിച്ചിട്ടില്ലാത്തവരുടെ അന്വേഷണയാത്രകൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. രാഷ്ട്രീയപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, സാംസ്കാരികപ്രവർത്തകർ, മനുഷ്യാവകാശപ്രവർത്തകർ, ബുദ്ധിജീവികൾ, സാധാരണക്കാർ എന്നുവേണ്ട നാനാതുറകളിൽപ്പെട്ടവരെല്ലാം, ജീവിതം ചവിട്ടിയരയ്ക്കപ്പെട്ട നിരക്ഷരരും ദരിദ്രരുമായ ഒരു കൂട്ടം ഗ്രാമീണർ എങ്ങനെ മാർക്സിസ്റ്റ് പാർട്ടിയാൽ ക്രൂരമായി ഉന്മൂലനം ചെയ്യപ്പെട്ടു എന്നതിന്റെ നേർക്കാഴ്ച കാണാനും, അവർക്ക് തങ്ങളാലാവുന്ന ആശ്വാസം പകർന്നുനല്കാനുമാണ് ഈ യാത്രകൾ നടത്തുന്നത്.

നന്ദിഗ്രാമിലെത്തിയാൽ ചരിത്രം നേർവിപരീതദിശയിൽ തിരിയുന്ന ദുരന്തമാണ് നാമവിടെ ദർശിക്കുക. എഴുപതുകളിലും എൺപതുകളിലും രക്തരൂഷിതമായ സമരങ്ങളിലൂടെ ചൂഷകജന്മിവർഗ്ഗത്തെ അവരുടെ കൈവശഭൂമിയിൽനിന്നും ആട്ടിപ്പായിച്ച് ആ ഭൂമി മുഴുവൻ ഭൂരഹിതരും നിർദ്ധനരുമായ ഗ്രാമീണർക്ക് വീതിച്ചുനൽകി ഭൂപരിഷ്കരണം നടപ്പാക്കി എന്ന് ഊറ്റം കൊള്ളുന്ന പശ്ചിമബംഗാളിലെ മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള സർക്കാർ, ഇപ്പോഴിതാ, അതേ ഭൂമി, അതേ ഗ്രാമീണരുടെ വിരിമാറിൽ വെടിയുണ്ടകൾ പായിച്ച് ബലമായി പിടിച്ചെടുത്ത് കുത്തകവിദേശമുതലാളിമാരുടെ കാൽക്കൽ സവിനയം സമർപ്പിക്കുന്നു.

ലോകത്തുനടക്കുന്ന മുതലാളിത്ത–സാമ്രാജ്യത്വ അധിനിവേശങ്ങൾക്കെതിരെ നിരന്തരപോരാട്ടം നടത്തുന്നുവെന്ന് ഇത്രനാളും അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ദയനീയമായ പതനമാണ് ഈ സംഭവത്തിലൂടെ അനാവരണം ചെയ്യപ്പെട്ടത്. പശ്ചിമബംഗാൾ സർക്കാരിന്റെ പുതിയ മുഖ്യമന്ത്രിയായ ബുദ്ധദേവ് ഭട്ടാചാർജി, താൻ മുതലാളിത്തത്തിന്റെ പാതയിലാണെന്നും, സോഷ്യലിസം നടപ്പാക്കാനൊന്നും തന്നെക്കൊണ്ടാവില്ലെന്നും പറയാൻ തുടങ്ങിയിട്ട് കാലം കുറേയായി. എന്നാൽ, ആ നയവ്യതിയാനം കൃഷികൊണ്ട് ഉപജീവനം കഴിക്കുന്ന നിരക്ഷരരും പാവപ്പെട്ടവരുമായ ഗ്രാമീണരെ അവർ കൈവശം വച്ചുപോന്നിരുന്ന കൃഷിയിടങ്ങളിൽനിന്നു തുരത്തുന്നതിലേക്ക് ചെന്നെത്തുമെന്ന് ആരും ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ, നന്ദിഗ്രാമിൽ, കരുതിക്കൂട്ടി സായുധപോലീസിനെയും ആയുധധാരികളായ മാർക്സിസ്റ്റ് ഗുണ്ടകളെയും അഴിച്ചുവിട്ട് യുദ്ധക്കളമാക്കാൻ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജി മുന്നോട്ടുവന്നപ്പോൾ മുപ്പതുവർഷക്കാലം ഒന്നിച്ചു ഭരിച്ച ഘടകകക്ഷികൾപോലും ആ നിഷ്ഠുരതയ്ക്കുമുന്നിൽ ഞെട്ടിപ്പോയി.

ഞാനും, ജി. കാർത്തികേയൻ എം.എൽ.എ, എം.ഐ. ഷാനവാസ്, എം.എം. ഹസ്സൻ, പ്രൊഫ. കെ.വി. തോമസ് എം.എൽ.എ. എന്നിവരും അടങ്ങിയ കെ.പി.സി.സി. സംഘം നന്ദിഗ്രാമിൽ എത്തുമ്പോൾ യുദ്ധം കഴിഞ്ഞ ഒരു പടക്കളത്തിന്റെ പ്രതീതിയാണനുഭവപ്പെട്ടത്. മാർച്ച് 14–ാം തീയതി നന്ദിഗ്രാമിൽ നടന്ന വെടിവയ്പ് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജിയുടെ ബുദ്ധിയിലുദിച്ചതാണെന്നും, വേണ്ടത്ര തയ്യാറെടുപ്പോടെ കരുതിക്കൂട്ടി നടത്തിയതാണെന്നും സംശയലേശമെന്യേ ഗ്രാമീണർ ഞങ്ങളോടു വ്യക്തമാക്കി.

2007 ജനുവരി ആദ്യംമുതൽ നന്ദിഗ്രാമിൽ സംഘർഷം ഉറഞ്ഞുകൂടുകയായിരുന്നു. നന്ദിഗ്രാമിലെ ഗ്രാമീണർ കൃഷിയും മത്സ്യബന്ധനവും മറ്റു ചെറുകിടതൊഴിലുകളും ചെയ്ത് ജീവസന്ധാരണം നടത്തി വന്നിരുന്നവരാണ്. മുസ്ലീംകൾ നല്ലൊരു ഭാഗം വരും. ഭൂമിയുടെ കൈവശരേഖകൾ മിക്കവർക്കുമില്ല. വിശാലമായ കൃഷിയിടങ്ങൾക്കരികിൽ ഒരു കൂരകെട്ടി തികച്ചും ദയനീയമായ ചുറ്റുപാടിൽ ജീവിതം തള്ളിനീക്കുന്ന പാവപ്പെട്ടവരാണ് ഏറെയും. ഇവരോട് സ്ഥലം മാർക്സിസ്റ്റ് നേതാവ് ഒരു ദിവസം, കൃഷിഭൂമികൾ സർക്കാരിനു നൽകിയശേഷം ഒഴിഞ്ഞുപോകണമെന്നു നിർദ്ദേശിച്ചു. ഇന്തോനേഷ്യൻ വ്യവസായകുത്തകയായ സലീം ഗ്രൂപ്പിന് രാസവസ്തുനിർമ്മാണശാല സ്ഥാപിക്കാനും പ്രത്യേക സാമ്പത്തികമേഖല കെട്ടിപ്പടുക്കാനും വേണ്ടിയായിരുന്നു ഈ ആവശ്യമുന്നയിച്ചത്. ഇതുകൂടാതെ, ഗ്രാമീണരെ വിരട്ടിഓടിക്കുന്നതിന് മുഖംമൂടി ധരിച്ച മാർക്സിസ്റ്റ് പ്രവർത്തകരും ഗുകളും മോട്ടോർ ബൈക്കുകളിൽ റോന്തുചുറ്റാനും ഗ്രാമീണരെ ഭീഷണിപ്പെടുത്താനും തുടങ്ങി.

എന്നാൽ, ഉദ്ദേശിച്ചതുപോലെ ആരും ഭൂമി വിട്ടുകൊടുത്തുകൊണ്ട് ഒഴിഞ്ഞുപോകാൻ സന്നദ്ധരായില്ല. നഷ്ടപരിഹാരമോ പകരം ഭൂമിയോ തൊഴിലോ ഒന്നും കിട്ടാതെ പെരുവഴിയിലേക്ക് ഇറങ്ങാൻ ആരാണു സമ്മതിക്കുക? അതുകൊണ്ട്, ഭൂമി ഏറ്റെടുക്കൽനടപടിക്കെതിരെ ശക്തമായ ചെറുത്തുനിൽപ് ആരംഭിച്ചു. ഗോതമ്പുകൃഷി നടത്തുന്ന ഫലഭൂയിഷ്ഠമായ ഭൂമി വിട്ടുകൊടുക്കില്ല എന്നതായിരുന്നു കർഷകരുടെ നിലപാട്. സർക്കാരാകട്ടെ, അവിടെ പുൽമേടുകളാണെന്നു പ്രചാരണം നടത്താൻ ശ്രമിച്ചു. അതു വിലപ്പോയില്ല. അവിടെ വർഷത്തിൽ രുതവണ ഗോതമ്പുവിളവെടുപ്പുന്നെ വസ്തുത ഇടതുപക്ഷ ചരിത്രകാരൻ സുമിത് സർക്കാർ, മെയിൻസ്ട്രീം പത്രാധിപർ സുമിത് ചക്രവർത്തി, ദൽഹി സർവകലാശാലയിലെ കൃഷ്ണ മജുംദാർ, സുപ്രീം കോടതിയിലെ അഭിഭാഷകൻ കോളിൻ ഗോൺസാൽവസ്, ജവാഹർലാൽ നെഹ്റു സർവ്വകലാശാലയിലെ തനിക് സർക്കാർ എന്നിവരുടെ റിപ്പോർട്ടിലൂടെ പുറത്തുവന്നു.

ജനുവരി 4 ന് സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് നന്ദിഗ്രാമിൽ ബന്ദ് ആചരിച്ചു. 6, 7 തീയതികളിൽ മാർക്സിസ്റ്റ് പ്രവർത്തകരും ഭൂസംരക്ഷണ സമിതിക്കാരും തമ്മിലുണ്ടായ സംഘട്ടനങ്ങളിൽ 7 പേർ മരണമടഞ്ഞു.

ഇങ്ങനെ സർക്കാരിന്റെയും പാർട്ടിയുടെയും കൈയൂക്കിനു ഗ്രാമീണകൃഷിക്കാർ വഴങ്ങാതെ വന്നപ്പോൾ, ഈ പാവങ്ങളെ ഒരു പാഠം പഠിപ്പിക്കുകതന്നെ എന്നാണ് സർക്കാർ തീരുമാനിച്ചത്. അതിന് പോലീസിനെ ഉപയോഗിച്ചുള്ള നിയമപരമായ ശക്തിയും, പാർട്ടിക്കാരെയും പാർട്ടിഗുണ്ടകളെയും ഉപയോഗിച്ചുള്ള കായികശക്തിയും വിനിയോഗിക്കുവാൻ വേ നടപടികൾ സ്വീകരിക്കപ്പെട്ടു.

സംഘർഷാവസ്ഥ അയവില്ലാതെ ഏറിയും കുറഞ്ഞും തുടർന്നുകൊണ്ടിരുന്നു. എന്തെങ്കിലുമൊക്കെ സംഭവിക്കുമെന്ന ഭീതി എപ്പോഴും ഗ്രാമീണരിൽ നിറഞ്ഞുനിന്നിരുന്നു. മാർച്ച് 12 ന് മാർക്സിസ്റ്റ് ഗുണ്ടകൾ ബോംബേറും വെടിവയ്പും നടത്തി. എന്നാൽ, മാർച്ച് 16 ന് ആരംഭിക്കുന്ന ഹയർസെക്കൻഡറി പരീക്ഷക്കാലം കഴിഞ്ഞിട്ടേ ഗുരുതരമായ സംഭവങ്ങൾ ഉണ്ടാവുകയുള്ളൂ എന്ന് ഗ്രാമീണർ ആശ്വസിച്ചു. എന്നാൽ, നടന്നത് നേരെ മറിച്ചായിരുന്നു.

പോലീസ് നടപടി മുൻകൂട്ടി ആസൂത്രണം ചെയ്തതായിരുന്നു എന്ന് പല ഘടകങ്ങളും ചൂിക്കാട്ടി ഗ്രാമീണർ ഞങ്ങളെ ബോധ്യപ്പെടുത്തി. ഗ്രാമീണർക്കു വേണ്ടെങ്കിൽ ഭൂമി ഏറ്റെടുക്കില്ലെന്ന് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജി മാർച്ച് 11ന് പ്രഖ്യാപിച്ചിരുന്നു. അങ്ങനെ ഗ്രാമീണർ സമാധാനിച്ചിരിക്കുന്നതിനിടയിലാണ് ഹയർ സെക്കൻഡറി പരീക്ഷക്കു മുമ്പുതന്നെ നന്ദിഗ്രാമിലെ സ്കൂളുകളിൽ പോലീസ് സംഘങ്ങൾ തമ്പടിക്കുന്നത്. ഇത് ആപൽസൂചനയായിരുന്നു.

മാർച്ച് 14–ാം തീയതി നാലായിരത്തോളം പോലീസുകാർ മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രങ്ങളായ ഖജൂരി, തെഖാലി എന്നീ പ്രദേശങ്ങൾവഴി സോനാചുരയിലും, ഗോകുൽനഗറിലും എത്തി. യൂണിഫോമിലുള്ള പോലീസിനൊപ്പം പോലീസ് വേഷത്തിൽ മാർക്സിസ്റ്റ് പ്രവർത്തകരും ഗുണ്ടക ളു മു ാ യിരുന്നു. മാർക്സിസ്റ്റ് പ്രവർത്തകരാണ് പോലീസിന് നിർദ്ദേശം നൽകിയിരുന്നത്. അവരുടെ പക്കൽ നാടൻ തോക്കുകളുണ്ടായിരുന്നു. പാകമല്ലാത്ത കാക്കിയൂണിഫോമും സാധാരണചെരുപ്പും കൈയ്യിൽ ചുവന്ന റിബണും ധരിച്ചവരായിരുന്നു മാർക്സിസ്റ്റ് പ്രവർത്തകരും ഗുകളും എന്ന് സോനാചുരയിലെ കർഷകർ ഞങ്ങളോടു പറഞ്ഞു. സി.ബി.ഐ.ക്കു ലഭിച്ച വെടിയുണ്ടകൾ പോലീസ് ഉപയോഗിക്കുന്നതരത്തിലുള്ളവ അല്ലെന്ന് പിന്നീട് വ്യക്തമാകുകയും ചെയ്തു.

പോലീസും മറ്റും എത്തുന്ന സമയത്ത് ഗ്രാമീണർ പൂജകളിലും നമസ്കാരത്തിലും ഏർപ്പെട്ടിരിക്കുകയായിരുന്നു. തങ്ങളുടെ ഭൂമിനഷ്ടപ്പെടാതെ രക്ഷിക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടുള്ളതായിരുന്നു പൂജാപരിപാടികൾ. ഗ്രാമീണരെ വളഞ്ഞ് അവരുടെ ഇടയിലേക്ക് പാഞ്ഞുകയറി വളരെ പെട്ടെന്നാണ് പോലീസ് വെടിവയ്ക്കാനാരംഭിച്ചത്. എന്താണ് സംഭവിക്കുന്നതെന്ന് പൂജയിൽ പങ്കെടുത്തിരുന്നവർ തിരിച്ചറിയും മുമ്പ് തുരുതുരെ വെടിപൊട്ടി. ഓടി രക്ഷപ്പെടാൻ ശ്രമിച്ചവരെ പോലീസ് ദീർഘദൂരം പിന്തുടർന്ന് വെടിവച്ചു. അവരുടെ പിന്നിലാണ് വെടിയേറ്റത്. വളരെപേർക്കും നെഞ്ചിലും മറ്റും വെടികൊണ്ടു. പോലീസ് മുട്ടിനു താഴെയോ കൈയിലോ മാത്രമേ സാധാരണ വെടിവയ്ക്കാറുള്ളു. എന്നാൽ, ശരീരത്തിൽ വെടിയേറ്റത് മാർക്സിസറ്റ് പ്രവർത്തകരും ഗുണ്ടകളും നാടൻ തോക്കുപയോഗിച്ച് വെടിവച്ചതിന്റെ ഫലമായിട്ടായിരുന്നു എന്നിപ്പോൾ കണ്ടെത്തിയിട്ടു്. ആശുപത്രിയിൽ പരിക്കേറ്റു കിടക്കുന്നവരിൽ നല്ലൊരു പങ്ക് ഇത്തരത്തിൽ വെടിയേറ്റവരായിരുന്നു. അവരെ ഞങ്ങൾ ചെന്നുകാണുകയുണ്ടായി.

വെടിവയ്പിൽ 14പേർ മരിക്കുകയും, നിരവധി ആളുകൾക്ക് പരുക്കേൽക്കുകയും ചെയ്തുവെന്നാണ് സർക്കാർ ഭാഷ്യം. എന്നാൽ, നൂറുപേരെങ്കിലും മൃതിയടഞ്ഞിരിക്കും എന്നു ഗ്രാമീണർ ചൂണ്ടിക്കാട്ടുന്നു്. ശവശരീരങ്ങൾ കിടങ്ങുകളിൽ മൂടുകയും, ട്രക്കുകളിൽ കയറ്റിക്കൊണ്ട് പോകുകയും, ഹൽദി നദിയിൽ തള്ളുകയും ചെയ്തുവെന്ന് ദൃക്സാക്ഷികൾ ഞങ്ങളോടു പറഞ്ഞു.

മാർക്സിസ്റ്റ് പ്രവർത്തകരും ഗുണ്ടകളും വീടുകൾ ആക്രമിച്ച് പുരുഷന്മാരെ വിരട്ടി ഓടിച്ച് കൊള്ള നടത്തുകയും, സ്ത്രീകളെയും പെൺകുട്ടികളെയും ബലാൽസംഗം ചെയ്യുകയും, അംഗവിച്ഛേദം നടത്തുകയും ചെയ്തു. പലരെയും പുറത്തുവലിച്ചിട്ട് ബയണറ്റുകൊണ്ട് വയർപിളർന്നു. കുട്ടികളുടെ കാലുകൾ വലിച്ചുകീറി അവരെ ദൂരെ വലിച്ചെറിഞ്ഞു. സ്ത്രീകളിൽ ഭൂരിഭാഗം പേരും മാനഭയത്താൽ തങ്ങളുടെ ദുരനുഭവങ്ങൾ പുറത്തുപറയാൻ മുതിരുന്നില്ല.

എന്നാൽ, ബലാൽസംഗം ചെയ്യപ്പെട്ട 25 ഉം 27 ഉം വയസ്സുള്ള രുയുവതികൾ പോലീസിൽ പരാതി നല്കാൻ മുന്നോട്ടു വരികയുണ്ടായി. 13 വയസ്സുള്ള ഒരു പെൺകുട്ടി ഉൾപ്പെടെ 17 പെൺകുട്ടികളെയെങ്കിലും ബലാൽസംഗത്തിനു മാർക്സിസ്റ്റ് അക്രമികൾ വിധേയരാക്കിയെന്ന് മാർക്സിസ്റ്റ് പ്രവർത്തകനായ സഹദേവ് പ്രമാണിക് പോലീസിനോടു സമ്മതിച്ചിട്ടുണ്ട്.

നന്ദിഗ്രാം പ്രൈമറി ഹെൽത്ത് സെന്ററിലും ജില്ലാ ആശുപത്രിയിലും ഞങ്ങൾ പോയിരുന്നു. സ്ത്രീകളും കുട്ടികളുമാണ് ആശുപത്രിയിലേറെയും. വെടിയേറ്റും മാരകമായ പരുക്കുകൾ പറ്റിയും കഴിയുന്ന അവർ ഇപ്പോഴും ചകിതരായി കാണപ്പെടുന്നു. ഒന്നും സംസാരിക്കാനവർക്കു കഴിയുന്നില്ല. കൂരകളിലെ ദൈന്യം നിറഞ്ഞ ജീവിതംപോലും തങ്ങൾക്കു നിഷേധിക്കപ്പെടുന്നുവല്ലോ എന്ന ദുഃഖമാണവർക്ക്. പലരും പൊട്ടിക്കരഞ്ഞുകൊണ്ടാണ് തങ്ങളുടെ അനുഭവങ്ങൾ ഞങ്ങളോട് വിവരിച്ചത്. ആശുപത്രകളിലാകട്ടെ മരുന്നും മറ്റു സൗകര്യങ്ങളുമില്ല. സർക്കാർ തിരിഞ്ഞുനോക്കുന്നുമില്ല.

സി.ബി.ഐ. അന്വേഷണസംഘം എത്തിയിട്ടും ഗ്രാമീണരിൽ മിക്കവരും സംഭവത്തെപ്പറ്റി മൊഴിനൽകാൻ കൂട്ടാക്കുന്നില്ല. മാർക്സിസ്റ്റുകാർ ഭീഷണി തുടരുന്നതാണു കാരണം. മൊഴിനൽകിയാൽ കൊന്നുകളയുമെന്നാണു മുന്നറിയിപ്പ്. ഇപ്പോഴും വീടുകളിൽ പുരുഷന്മാരില്ല. ധാരാളം കുട്ടികളെയും വൃദ്ധരെയും ഇപ്പോഴും കാണാനില്ല. സ്ത്രീകൾക്ക് ഭീഷണികാരണം വീടിനു പുറത്തിറങ്ങാനാവാത്തതിനാൽ അവർ മുഴുപ്പട്ടിണിയിലാണ്. ടിയർ ഗ്യാസ് ഷെല്ലുകൾ, കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, ശരീരാവശിഷ്ടങ്ങൾ എന്നിവയൊക്കെ എല്ലായിടവും ചിതറിക്കിടക്കുന്നു. തോക്കുകൾ ഉൾപ്പെടെയുള്ള ആയുധങ്ങളും ഉപേക്ഷിക്കപ്പെട്ട നിലയിൽ ഇപ്പോഴും കണ്ടെത്തുന്നു. ഇഷ്ടികച്ചൂളയിൽ ഒളിച്ചിരുന്ന മാർക്സിസ്റ്റ് പ്രവർത്തകരെ സി.ബി.ഐ. ക്കാരാണു പിടികൂടിയത്. അവരിൽനിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു. അവരാകട്ടെ, പുറത്തുള്ള ഗ്രാമങ്ങളിൽ നിന്നു വന്നവരായിരുന്നു.

സംഭവം കഴിഞ്ഞ് നന്ദിഗ്രാമിലേക്ക് ആരെയും മാർക്സിസ്റ്റ്കാർ കടത്തിവിട്ടില്ല. പല മാധ്യമപ്രവർത്തകരെയും ആക്രമിക്കുകയും തട്ടിക്കൊണ്ടുപോകുകയും ചെയ്തു. ഗുരുതരമായ ഭവിഷ്യത്തുണ്ടാകുമെന്ന് അവരെ ഭീഷണിപ്പെടുത്തി.

ഇപ്പോഴും ആർക്കും അവിടെ രക്ഷാപ്രവർത്തനങ്ങൾക്ക് എത്താൻ കഴിയുന്നില്ല. ഭർത്താക്കന്മാർ നഷ്ടപ്പെട്ട വീട്ടമ്മമാരും, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളും അവിടെ ധാരാളം. ഗ്രാമംതന്നെ ചിന്നച്ചിതറിയ നിലയിലാണ്. പലായനം ചെയതവർക്ക് വീടുകളിൽ വരാൻ കഴിയുന്നില്ല. ആരൊക്കെ ജീവിച്ചിരിപ്പുണ്ടെന്ന് ആർക്കുമറിയില്ല. ഗ്രാമം തികച്ചും ഒറ്റപ്പെട്ടിരിക്കുന്നു. എവിടെയും ഭീതിയുണർത്തുന്ന ദൃശ്യങ്ങൾ, വാടിയുണങ്ങിയ മുഖങ്ങൾ, ആത്മവിശ്വാസം നഷ്ടപ്പെട്ടതിന്റെ നെടുവീർപ്പുകൾ. നിരപരാധികളായ ഈ പാവങ്ങൾ എന്ത് അപരാധം ചെയ്തിട്ടാണിതൊക്കെ?

മേധാ പട്കർ പോലും പശ്ചിമബംഗാൾ സർക്കാരിന്റെ ഈ കിരാതനടപടിയിൽ പ്രതിഷേധിച്ചു.

പശ്ചിമബംഗാളിലെ സാസ്കാരികനായകന്മാർ ഒന്നടങ്കം മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജിയുടെ രാജി ആവശ്യപ്പെടുകയും, സർക്കാർ സമിതികളിൽനിന്നു പിന്മാറുകയും, പുരസ്കാരങ്ങൾ തിരിച്ചു നല്കുകയും ചെയ്തു.

ഇന്ത്യയെയാകെ ഇളക്കിമറിച്ച ഇത്തരമൊരു സംഭവം സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നേവരെ ഉണ്ടായിട്ടില്ല. ജനുവരിമുതൽ മാർക്സിസ്റ്റ് പ്രവർത്തകരും പോലീസും ചേർന്ന് ആരംഭിച്ച പീഡനപർവ്വം ഒടുവിൽ ഒരു കൂട്ടക്കൊലയിൽ അവസാനിക്കുകയായിരുന്നു.

ഇന്തോനേഷ്യയിൽ കമ്മ്യൂണിസ്റ്റുകാരെ കൊന്നൊടുക്കി വംശനാശം വരുത്തിയ ജനറൽ സുഹാർത്തോയ്ക്ക് ബന്ധമുണ്ടെന്നു പറയപ്പെടുന്ന സലീം ഗ്രൂപ്പിനുവേണ്ടിയാണ്, മാർക്സിസ്റ്റുകാർതന്നെയായ നന്ദിഗ്രാമിലെ പാവങ്ങളെ വെടിവച്ചുകൊന്ന് അവർ കൃഷിചെയ്യുന്ന ഭൂമി പിടിച്ചെടുക്കാൻ മാർക്സിസ്റ്റ് മുഖ്യമന്ത്രി ശ്രമിച്ചത് എന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ എന്നും ഒരു കറുത്ത അദ്ധ്യായമായി അവശേഷിക്കും. ഒരുവശത്തു പാവങ്ങളുടെ പേരുപറഞ്ഞ് അധികാരത്തിലേറുകയും, അതിനുശേഷം അവരുടെ നെഞ്ചിൽ താണ്ഡവമാടിക്കൊണ്ട് മുതലാളിത്തത്തിനുവേണ്ടി വിടുപണിചെയ്യുകയും ചെയ്യുന്ന നിന്ദ്യമായ നിലപാടാണ് ഇന്നത്തെ മാർക്സിസ്റ്റ് പാർട്ടിയുടേത്. സ്റ്റാലിനെയും ഹിറ്റ്ലറെയും മുസോളിനി

യെയും കടത്തിവെട്ടുന്ന നിഷ്ഠുരതനിറഞ്ഞ സ്വേച്ഛാധിപത്യസ്വഭാവം പ്രകടിപ്പിക്കാനും മാർക്സിസ്റ്റ് പാർട്ടി മടിക്കില്ലെന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം. നൂറോളം കർഷകർക്ക് പട്ടടയൊരുക്കിയ മാർക്സിസ്റ്റ് പാർട്ടി ഇതിലൂടെ പശ്ചിമബംഗാളിൽ തങ്ങളുടെ തന്നെ പട്ടടയൊരുക്കുന്നതിനു തുടക്കം കുറിച്ചിരിക്കുകയാണ്.

(വീക്ഷണം–23.3.2007)

*****